2026
July
10
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഭൂമിക്കടിയിൽ 30 ദിവസത്തേക്കുള്ള എൽപിജി കരുതൽ ശേഖരം ഒരുക്കാൻ കേന്ദ്രസർക്കാർ

**ന്യൂഡൽഹി:** ഹോർമുസ് അടഞ്ഞതോടെ രാജ്യത്തുണ്ടായ അതിരൂക്ഷ പാചക വാതക പ്രതിസന്ധി (എൽപിജി) ആവർത്തിക്കാതിരിക്കാൻ മുൻകരുതലുമായി കേന്ദ്രസർക്കാർ. ഇതാദ്യമായി രാജ്യത്ത് പാചക വാതക ശേഖരം ഒരുക്കാൻ കേന്ദ്രസർക്കാർ ശ്രമങ്ങൾ തുടങ്ങി. നിലവിൽ രാജ്യത്തിന്റെ മൂന്നിടങ്ങളിലുള്ള ക്രൂഡോയിൽ ശേഖരത്തിന്റെ മാതൃകയിൽ ഭൂമിക്കടിയിലെ ടാങ്കുകളിൽ എൽപിജി ശേഖരിക്കാനാണ് നീക്കം. കൂടാതെ ഭൂമിക്ക് മുകളിൽ ക്രയോജനിക്ക് ടാങ്കുകൾ സ്ഥാപിക്കാനുള്ള സാധ്യതയും പൊതുമേഖല എണ്ണകമ്പനികൾ പരിശോധിക്കുന്നുണ്ട്. ഇന്ത്യയുടെ കാലാവസ്ഥക്ക് അനുയോജ്യമായ രീതിയിലുള്ള ഒരു സംവിധാനം ഒരുക്കാനുള്ള സാധ്യത പഠനം നടന്നു വരികയാണ്.

ഇറാൻ യുദ്ധത്തിനു പിന്നാലെ ഹോർമുസിലൂടെയുള്ള കപ്പൽ നീക്കം നിലച്ചത് രാജ്യത്ത് വലിയ ഊർജ പ്രതിസന്ധിയുണ്ടാക്കിയിരുന്നു. ഹോർമുസ് ഒഴിവാക്കി മറ്റു രാജ്യങ്ങളിൽ നിന്ന് എത്തിച്ച ക്രൂഡോയിലും രാജ്യത്തുള്ള കരുതൽ ശേഖരവും ഉപയോഗിച്ച് ഇന്ത്യ പെട്രോൾ, ഡീസൽ പ്രതിസന്ധി മറികടന്നു. എന്നാൽ ആവശ്യമായതിന്റെ പകുതിയും പശ്ചിമേഷ്യയിൽ നിന്ന് വരുന്നതിനാൽ പാചക വാതക പ്രതിസന്ധി അതിരൂക്ഷമായിരുന്നു. വാണിജ്യ സിലിണ്ടറുകൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയും ഗാർഹിക സിലിണ്ടറിന്റെ ബുക്കിങ് ഇടവേള




കൂട്ടിയുമാണ് കേന്ദ്രം ഇതിനെ നേരിട്ടത്. തുടർന്നാണ് പാചക, പ്രകൃതി വാതകങ്ങൾ രാജ്യത്ത് ശേഖരിക്കാനുള്ള സാധ്യത കേന്ദ്രസർക്കാർ തേടിയത്. സമാനമായ സാഹചര്യങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള ദീർഘകാല പദ്ധതികളും സെക്രട്ടറി തലത്തിൽ സർക്കാർ തയാറാക്കി വരികയാണ്.

വ്യാപാര പാതകൾ അടഞ്ഞാൽ കുറഞ്ഞത് 30 ദിവസത്തേക്കെങ്കിലും രാജ്യത്തിന് ഉപയോഗിക്കാൻ തരത്തിലുള്ള കരുതൽ ശേഖരം ഒരുക്കാനാണ് സർക്കാർ പദ്ധതി. ഇതിനായി ഭാരത് പെട്രോളിയം കോർപറേഷൻ നിലവിലുള്ള 200 ടിഎംസി (തൗസന്റ് മെട്രിക് ടൺ) എൽപിജി ശേഖരം 340 ടിഎംസിയായി വർധിപ്പിക്കാൻ 5000 കോടി രൂപ നിക്ഷേപിക്കുമെന്നും വിവരം. ഇന്ത്യൻ ഓയിലും ഹിന്ദുസ്ഥാൻ പെട്രോളിയവും സമാനമായ നിക്ഷേപങ്ങൾ നടത്തും. പശ്ചിമേഷ്യൻ രാജ്യങ്ങൾക്ക് പുറമെ റഷ്യ പോലുള്ള രാജ്യങ്ങളിൽ നിന്ന് പാചക വാതക ഇറക്കുമതിക്ക് ദീർഘകാലത്തേക്കുള്ള കരാറിലെത്താനും സർക്കാർ ശ്രമിക്കുന്നുണ്ട്.

നിലവിലുള്ള മൂന്ന് ക്രൂഡോയിൽ ശേഖര പ്ലാന്റുകൾക്ക് പുറമെ അഞ്ചെണ്ണം കൂടി ഒരുക്കാനുള്ള പദ്ധതിയും അതിവേഗത്തിൽ മുന്നോട്ടു പോവുകയാണ്. എല്ലാ അംഗരാജ്യങ്ങളും 90 ദിവസത്തേക്കുള്ള ക്രൂഡോയിൽ ശേഖരം ഒരുക്കിവക്കണമെന്നാണ് അന്താരാഷ്ട്ര ഊർജ ഏജൻസിയുടെ ചട്ടം. എൽപിജിയുടെ കാര്യത്തിൽ ഇത്തരമൊരു നിബന്ധനയില്ല. എന്നാൽ ഹോർമുസ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ എല്ലാ രാജ്യങ്ങളും ആവശ്യമായ എൽപിജി ശേഖരം ഒരുക്കണമെന്ന് ഏജൻസി നിർദേശിച്ചിട്ടുണ്ട്.

## ഇന്ത്യയിലെ 1.60 ലക്ഷം അക്കൗണ്ടുകൾ നീക്കി; കേന്ദ്രം ഇടപെട്ടതോടെ നടപടികൾ വിശദീകരിച്ച് മെറ്റ




**ന്യൂഡൽഹി:** കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്ന ഉള്ളടക്കമുള്ള ഇൻസ്റ്റഗ്രാം പരസ്യങ്ങൾക്കെതിരെ കേന്ദ്ര സർക്കാർ നിലപാട് കടുപ്പിച്ചതോടെ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിച്ച് മാതൃകമ്പനിയായ മെറ്റ. സംശയാസ്പദമായ ഇത്തരം ലിങ്കുകൾ പോസ്റ്റ് ചെയ്യുമ്പോൾതന്നെ തിരിച്ചറിയാൻ പ്രത്യേക എഐ ഡിറ്റക്ഷൻ ടൂളുകൾ സജീകരിച്ചിട്ടുണ്ടെന്ന് മെറ്റ അവകാശപ്പെടുന്നു. കഴിഞ്ഞ ആറ് മാസത്തിനിടെ ഇന്ത്യയിൽ മാത്രം 1,60,000 അക്കൗണ്ടുകൾ നീക്കംചെയ്തു. കുട്ടികൾക്കെതിരായ അതിക്രമങ്ങളെ അതീവ ഗുരുതരമായ കുറ്റകൃത്യമെന്ന് വിശേഷിപ്പിച്ച മെറ്റ ഇതിനെതിരെ 24 മണിക്കൂറും ഉണർന്ന് പ്രവർത്തിക്കുകയാണെന്നും വിശദമായ ബ്ലോഗ് പോസ്റ്റിൽ അവകാശപ്പെട്ടു. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്ട്സ്ആപ്പ് തുടങ്ങിയ ജനപ്രിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ ഉടമകളാണ് കാലിഫോർണിയയിലെ മെൻലോ പാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന മെറ്റ. ലൈംഗികാതിക്രമ ഉള്ളടക്കമുള്ള ഇൻസ്റ്റഗ്രാം പരസ്യങ്ങളുമായി ബന്ധപ്പെട്ട ഗിരുതരമായ വെളിപ്പെടുത്തലുകൾ പുറത്തുവന്നതോടെ കേന്ദ്ര സർക്കാർ മെറ്റയ്ക്ക് നോട്ടീസ് നൽകിയിരുന്നു. പിന്നാലെയാണ് കമ്പനിയുടെ സാമൂഹിക മാധ്യമ ആപ്പുകളിലുടനീളം കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമം ഉൾപ്പെട്ട ഉള്ളടക്കങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുന്ന വിശദമായ ബ്ലോഗ് മെറ്റ പ്രസിദ്ധീകരിച്ചത്.

ഇന്ത്യയിലെ ഇൻസ്റ്റാഗ്രാം പരസ്യങ്ങളെക്കുറിച്ച് സമീപകാലത്ത് പുറത്തുവന്ന വിവരങ്ങളെക്കുറിച്ച് ബോധവാന്മാരാണെന്ന് ബ്ലോഗിൽ മെറ്റ അവകാശപ്പെടുന്നു. ഇതേക്കുറിച്ച് കമ്പനി നടത്തിയ അന്വേഷണത്തിന് പിന്നാലെ പരസ്യങ്ങൾ നീക്കം ചെയ്യുകയും അക്കൗണ്ടുകൾ പ്രവർത്തനരഹിതമാക്കുകയും നയലംഘന ഉള്ളടക്കങ്ങളുമായി ബന്ധപ്പെട്ട ഡഞ്ഞഘലകൾ തടയുകയും ചെയ്തിട്ടുണ്ട്.

## രാജ്യത്ത് ആദ്യമായി സ്കൂൾ അധ്യാപകരുടെ എണ്ണം ഒരു കോടി കടന്നു; കേന്ദ്ര റിപ്പോർട്ട്

**ന്യൂഡൽഹി:** രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി മൊത്തം അധ്യാപകരുടെ എണ്ണം ഒരു കോടി പിന്നിട്ടതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പുതിയ






കണക്കുകൾ. രാജ്യത്തുടനീളമുള്ള 14.67 ലക്ഷം സ്കൂളുകളിലായി 24.72 കോടി വിദ്യാർഥികളും 1.03 കോടിയിലധികം അധ്യാപകരും ഉണ്ടെന്നാണ് പുതിയ ഡാറ്റ വ്യക്തമാക്കുന്നത്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പുറത്തുവിട്ട സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമുള്ള പെർഫോമൻസ് ഗ്രേഡിങ് ഇൻഡക്സ്, ജില്ലകൾക്കായുള്ള പെർഫോമൻസ് ഗ്രേഡിങ് ഇൻഡക്സ് എന്നീ രണ്ട് റിപ്പോർട്ടുകളിലാണ് ഈ വിവരങ്ങളുള്ളത്. സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം എത്രത്തോളം ഫലപ്രദമായാണ് പ്രവർത്തിക്കുന്നത് എന്ന് വിലയിരുത്തുന്നതിനായി യൂണിഫൈഡ് ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ പ്ലസ്, മറ്റ് സർക്കാർ പോർട്ടലുകൾ എന്നിവയിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചാണ് ഈ റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത്.



## കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി: AIF പദ്ധതികളിലേക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ് ഗ്യാരണ്ടി കവറിന്റെ പരിധിയിൽ വരുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല എന്നതും പദ്ധതിയുടെ പ്രധാന ആകർഷണമാണ്.

കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് AIF പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം.

PMFME, SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIFപദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ: 8137008197, 8921540233, 9020060507.

## ഇതരസംസ്ഥാന തൊഴിലാളികൾക്കായി 'അപ്നാ ഘർ' മലപ്പുറം ജില്ലയിൽ 1.5 ലക്ഷം പേർ

**മലപ്പുറം:** അന്യസംസ്ഥാന തൊഴിലാളികൾക്ക് സുരക്ഷിതവും ശുചിത്വമുള്ളതുമായ താമസസൗകര്യം ഒരുക്കാൻ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 'അപ്നാ ഘർ' പദ്ധതിക്കായി മലപ്പുറംജില്ലയിൽ സ്ഥലം കണ്ടെത്താൻ ശ്രമം. പാലക്കാട്ടെ കഞ്ചിക്കോട് എറണാകുളം ജില്ലയിലെ പെരുമ്പാവൂർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പാക്കിയ പദ്ധതിയുടെ മൂന്നാംഘട്ടം മലപ്പുറം ജില്ലയിലാണ്.

ജില്ലയിൽ ഏറ്റവും കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്നതും വാണിജ്യനിർമാണ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നതുമായ മേഖലകളാണ് 'അപ്ന ഘർ' പദ്ധതിയുടെ ഭാഗമായുള്ള

ഹോസ്റ്റൽ നിർമാണത്തിനായി തൊഴിൽ വകുപ്പ് പരിഗണിക്കുന്നത്.

കരിപ്പൂർ വിമാനത്താവളത്തിനോട് ചേർന്ന് നിർമാണ പ്രവർത്തനങ്ങളും പ്ലൈവുഡ്ക്വാറി വ്യവസായങ്ങളുമുള്ളതിനാൽ ഇവിടെയാണ് കൂടുതൽ തൊഴിലാളികളുള്ളത്. അതിനാൽ കൊണ്ടോട്ടി, എടവണ്ണപ്പാറ മേഖലകൾ പരിഗണനയിലുണ്ട്. നിർമാണ തൊഴിലുകളും വ്യാപാര സ്ഥാപനങ്ങളും കേന്ദ്രീകരിച്ചിരിക്കുന്ന വളാഞ്ചേരി, കോട്ടയ്ക്കൽ മേഖലകളാണ് ജില്ലയിലെ മറ്റൊരിടം.

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അനുബന്ധ ജോലികൾക്കായി നിരവധി ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന താനൂർ,പരപ്പനങ്ങാടി തീരദേശ മേഖലകളും പദ്ധതിക്കായി പരിഗണിക്കുന്ന മേഖലകളാണ്.

എന്നാൽ ഇവിടങ്ങളിലെല്ലാം ഹോസ്റ്റൽ നിർമാണത്തിനായി ഭൂമി കണ്ടെത്തൽ തൊഴിൽ വകുപ്പിന് മുന്നിലെ വലിയ വെല്ലുവിളിയാണ്.

കുറഞ്ഞത് 50 സെൻറ് മുതൽ ഒരേക്കർ വരെ സ്ഥലം ഇതിനായി ആവശ്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെയോ മറ്റ് സർക്കാർ വകുപ്പുകളുടെയോ കീഴിലുള്ള അനുയോജ്യമായ ഭൂമി ഈ മേഖലകളിൽ കണ്ടെത്താനുള്ള ശ്രമത്തിലാണ് റവന്യുതൊഴിൽ വകുപ്പുകൾ.

നഗരസഭകളുടെയോ പഞ്ചായത്തുകളുടെയോ പ്ലാൻ ഫണ്ടിൽനിന്നു സ്ഥലം ലഭ്യമാക്കാനും ഇൻകെൽ വഴി കെട്ടിടനിർമാണ രൂപരേഖ തയാറാക്കാനുമുള്ള ചർച്ചകളും നടക്കുന്നുണ്ട്. തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക കണക്കുകൾ പ്രകാരം ജില്ലയിൽ 1.5 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികളുണ്ട്.




# എയിംസ്: വെള്ളൂരും പരിഗണനാ പട്ടികയിൽ

**കോട്ടയം:** ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളുടെ പരിഗണനാ പട്ടികയിലേക്കു വെള്ളൂരും. എയിംസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി നിർദേശം തയാറാക്കാൻ ആരോഗ്യമന്ത്രി കെ.മുരളീധരൻ പ്രിൻസിപ്പൽ സെക്രട്ടറിക്കു നൽകിയ പട്ടികയിലാണ് വെള്ളൂരിലെ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ (കെപിപിഎൽ) സ്ഥലവും ഉൾപ്പെടുത്തിയത്.

കെ.ബിനിമോൻ എംഎൽഎ, മന്ത്രി അനൂപ് ജേക്കബ്, പെരുവ ജനകീയ പ്രതികരണ വേദി എന്നിവർ നൽകിയ ഭൂവിനിയോഗ നി!ർദേശം പരിഗണിക്കാനാണു മന്ത്രിയുടെ നിർദേശം. മറ്റ് ആറുപേരുടെ വിവിധ സ്ഥലങ്ങൾക്കു വേണ്ടിയുള്ള നിർദേശങ്ങൾക്ക് ഒപ്പമാണ് വെള്ളൂരിനു വേണ്ടിയുള്ള നിർദേശവും പരിഗണിക്കുന്നത്. പരിഗണിക്കുന്ന 9 നിർദേശങ്ങളിൽ 3 എണ്ണവും വെള്ളൂരിനു വേണ്ടിയുള്ളതാണെന്ന പ്രത്യേകതയുമുണ്ട്.

692 ഏക്കറാണ് വെള്ളൂരിൽ കെപിപിഎലിനുള്ളത്. ഇതിൽ കേരള റബർ ലിമിറ്റഡിനായി 164.82 ഏക്കർ സ്ഥലമാണ് കൈമാറിയത്. 300 ഏക്കറിലാണ് കെപിപിഎലിന്റെ ഫാക്ടറിയും അനുബന്ധ സംവിധാനങ്ങളും ഉള്ളത്. 227.18 ഏക്കർ സ്ഥലം ഇപ്പോൾത്തന്നെ ഉപയോഗയോഗ്യമായി ലഭ്യമാണ്.

200 ഏക്കർ സ്ഥലമാണ് എയിംസിനായി വേണ്ടതെന്ന് വ്യക്തമാക്കുന്നത്. ആരെയും ഒഴിപ്പിക്കാതെ തന്നെ ഈ സ്ഥലം നിലവിൽ വെള്ളൂരിലുണ്ട്. ഗതാഗത സൗകര്യമേറെയുള്ള പ്രദേശമാണ്. ഒരിക്കലും വറ്റാത്ത ശുദ്ധജല സ്രോതസ്സായ മൂവാറ്റുപുഴയാർ ഒഴുകുന്നത് വെള്ളൂരിലൂടെയാണ്.

പിറവം റോഡ് റെയിൽവേ സ്റ്റേഷന്റെ തൊട്ടടുത്താണു വെള്ളൂരിലെ കെപിപിഎൽ ഭൂമി. റോഡ് മാർഗം കോട്ടയം- എറണാകുളം റൂട്ടിൽ തലപ്പാറ, വെട്ടിക്കാട്ടുമുക്ക് എന്നിവിടങ്ങളിൽ നിന്ന് 5 കിലോമീറ്ററോളം സഞ്ചരിച്ചാൽ വെള്ളൂരിൽ എത്താം. കൊച്ചി വിമാനത്താവളത്തിലേക്ക് 56 കിലോമീറ്റർ ദൂരം.

നേരേകടവ് - മാക്കേക്കടവ് പാലം നിർമാണം പൂർത്തീകരിക്കുന്നതോടെ ആലപ്പുഴ ജില്ലയിൽ നിന്നും ഇവിടേക്ക് എത്തിച്ചേരാൻ എളുപ്പവഴി തുറക്കും.

## ക്ഷയരോഗമുക്ത പഞ്ചായത്ത് പുരസ്കാര വിതരണവും ബോധവൽക്കരണവും നടത്തി

**കോട്ടയം:** ഇല്ലായ്മ ചെയ്ത രോഗങ്ങൾ തിരികെ വരുന്നത് ചെറുക്കാൻ കൂട്ടായ പരിശ്രമം വേണമെന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. 'എന്റെ ക്ഷയരോഗ മുക്ത കേരളം' പദ്ധതിയുടെ ഭാഗമായി 2025ലെ മികച്ച ക്ഷയരോഗമുക്ത പഞ്ചായത്തുകൾക്കുള്ള പുരസ്കാര വിതരണം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി താഴേതലംവരെ സുസജ്ജമായ ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ നമുക്കുണ്ട്. അതിന്റെ പ്രയോജനം മുഴുവൻ ആളുകൾക്കും ലഭിക്കണം. ഹോട്ടലുകൾ ഉൾപ്പെടെയുള്ളവ ആരോഗ്യകരവും സുരക്ഷിതവുമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്നും അദ്ദേഹം പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കായുള്ള ടി.ബി ബോധവൽക്കരണ പരിപാടിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ് അധ്യക്ഷത വഹിച്ചു. ഫ്രാൻസിസ് ജോർജ് എം.പി. മുഖ്യപ്രഭാഷണം നടത്തി. കോട്ടയം ആർ.ഡി.ഒ നിജു കുര്യൻ 'ടി.ബി മുക്ത് സ്റ്റാറ്റസ് റിപ്പോർട്ട്' പ്രകാശനം ചെയ്തു. നഗരസഭാ ചെയർമാൻ എം.പി. സന്തോഷ് കുമാർ സന്ദേശം നൽകി. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സാം സാവിയോ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാ പഞ്ചായത്തംഗം ആർ. ശ്രീകല, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ.പ്രിയ,നഗരസഭാ കൗൺസിലർ എസ്. ഗോപകുമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ട്രീസ ജോസ്, ഡെപ്യൂട്ടി ഡി.എം.ഒ. ഡോ.സി.ജെ.സിത്താര, ജില്ലാ ടി.ബി ഓഫീസർ ഡോ.ശ്രീജിത്ത് ബാബു, ഡോ.ആശ, ജില്ലാ ഡെപ്യൂട്ടി മാസ് മീഡിയാ ഓഫീസർ എസ്.സജീവ് എന്നിവർ പ്രസംഗിച്ചു.



ഗോൾഡ് വിഭാഗത്തിൽ ഞീഴൂർ, മണിമല, കറുകച്ചാൽ, കല്ലറ, അകലക്കുന്നം, തലപ്പലം പഞ്ചായത്തുകളാണ് അവാർഡിനർഹരായത്. സിൽവർ വിഭാഗത്തിൽ നീണ്ടൂർ, കുറിച്ചി, പൂഞ്ഞാർ തെക്കേക്കര, വെച്ചൂർ, തീക്കോയി, മറവൻതുരുത്ത്, കൂരോപ്പട, പനച്ചിക്കാട്, നെടുംകുന്നം പഞ്ചായത്തുകളും ബ്രോൺസ് വിഭാഗത്തിൽ കടപ്ലാമറ്റം, തലയാഴം, ആർപ്പൂക്കര, ഉഴവൂർ, തലയോലപ്പറമ്പ്, കങ്ങഴ പഞ്ചായത്തുകളും അവാർഡിനർഹരായി.

## ഓണത്തിരക്ക്: മംഗളൂരു–ചെന്നൈ സ്പെഷൽ ട്രെയിൻ അനുവദിച്ചു

**പാലക്കാട്:** ഓണത്തിരക്കു കണക്കിലെടുത്ത് മംഗളൂരു-ചെന്നൈ റൂട്ടിൽ ഈമാസം 13 മുതൽ ഓഗസ്റ്റ് 31 വരെ തിങ്കളാഴ്ചകളിലും തിരികെ ചൊവ്വാഴ്ചകളിലും പുതിയ ട്രെയിൻ അനുവദിച്ചു. മംഗളൂരു സെൻട്രൽ - ചെന്നൈ എഗ്മൂർ സ്പെഷൽ എക്സ്പ്രസ് (06126) തിങ്കളാഴ്ചകളിൽ വൈകിട്ട് 4ന് മംഗളൂരുവിൽ നിന്നു പുറപ്പെട്ട് ചൊവ്വാഴ്ച രാവിലെ 10.55ന് ചെന്നൈ എഗ്മൂറിൽ എത്തും. ചെന്നൈ എഗ്മൂർ- മംഗളൂരു സെൻട്രൽ സ്പെഷൽ എക്സ്പ്രസ് (06125) എഗ്മൂറിൽ നിന്ന് ചൊവ്വാഴ്ച ഉച്ചയ്ക്ക് 2നു പുറപ്പെട്ട് ബുധനാഴ്ച രാവിലെ 8.40ന് മംഗളൂരുവിൽ എത്തും. ട്രെയിനിൽ രണ്ടു സെക്കൻഡ് എസി കോച്ചും 8 തേഡ് എസി കോച്ചും 6 സ്ലീപ്പർ കോച്ചും 4 ജനറൽ കോച്ചും ഉണ്ടാകും.

മംഗളൂരു സെൻട്രൽ- ചെന്നൈ എഗ്മൂർ ട്രെയിനിന്റെ (06126) പാലക്കാട് ഡിവിഷനിലെ സ്റ്റോപ്പുകളുടെ സമയക്രമം: മംഗളൂരു: വൈകിട്ട് 4.00, കാസർകോട്: 4.53, കാഞ്ഞങ്ങാട്: 5.11, പയ്യന്നൂർ: 5.34, കണ്ണൂർ: 6.10, തലശ്ശേരി: 6.31, വടകര: 6.50, കോഴിക്കോട്: 7.35, തിരൂർ: 8.12, ഷൊർണൂർ: 9.40, പാലക്കാട് ജംക്ഷൻ: 11.00. പോത്തന്നൂർ ജംക്ഷൻ, തിരുപ്പൂർ, ഈറോഡ്, സേലം, ജോലാർപേട്ട, കാട്പാടി, ആർക്കോണം, പെരമ്പൂർ എന്നിവിടങ്ങളിലും ട്രെയിനിന് സ്റ്റോപ്പ് ഉണ്ട്.

ചെന്നൈ എഗ്മൂർ- മംഗളൂരു സെൻട്രൽ ട്രെയിനിന്റെ (06125) സ്റ്റോപ്പുകൾ: പാലക്കാട് ജംക്ഷൻ: രാത്രി 11.58, ഷൊർണൂർ: പുലർച്ചെ 2.10, തിരൂർ: 2.50, കോഴിക്കോട്: 3.40, വടകര: 4.20, തലശ്ശേരി: 4.42, കണ്ണൂർ: 5.10, പയ്യന്നൂർ: 5.42, കാഞ്ഞങ്ങാട്: 6.30, കാസർകോട്: 6.50, മംഗളൂരു സെൻട്രൽ: 8.40.

## സെന്റ് ഫിലോമിനാസ് ജിഎച്ച്എസ് പ്ലാറ്റിനം ജൂബിലി

**പൂന്തുറ:** സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂളിന്റെ എഴുപത്തിയഞ്ചാം വാർഷിക ആഘോഷങ്ങൾ മന്ത്രി സി.പി. ജോൺ ഉദ്ഘാടനം ചെയ്തു. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നിർമിച്ച സ്കൂൾ പ്രവേശന കവാടത്തിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

കഴിഞ്ഞവർഷം എൽഎസ്എസ്, യുഎസ്എസ്, എൻഎംഎംഎസ്ഇ സ്കോളർഷിപ്പു ലഭിച്ച വിദ്യാർഥികളെയും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥികളെയും ചടങ്ങിൽ ആദരിച്ചു. 1952ൽ കനോഷ്യൻ സംന്യാസ സമൂഹം സ്ഥാപിച്ചതാണ് സെൻറ് ഫിലോമിനാസ് ജിഎച്ച്എച്ച്. പൂന്തുറ എന്ന കടലോര ഗ്രാമത്തിൻറെ സാമൂഹ്യ, സാംസ്കാരിക, അക്കാദമിക മേഖലകളിലെ വളർച്ചയ്ക്ക് ഈ സ്കൂൾ പ്രധാന പങ്കാണു വഹിച്ചത്. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

## തലസ്ഥാനത്ത് രണ്ടാം മെഡിക്കൽ കോളേജ്; പരിഗണിക്കാമെന്ന് കേന്ദ്രമന്ത്രിയുടെ ഉറപ്പ്

**തിരുവനന്തപുരം:** ജില്ലയിൽ രണ്ടാം മെഡിക്കൽ കോളേജിന് എത്രയും വേഗം അനുമതി ലഭ്യമാക്കണമെന്നും ഈ അദ്ധ്യയനവർഷം പ്രവേശനം നടത്താനുള്ള ഇടപെടൽ വേണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട് മന്ത്രി കെ.മുരളീധരൻ. കേരളത്തിന്റെ ആവശ്യം ഗൗരവത്തോടെ കാണുന്നുവെന്നും പരിഗണിക്കാമെന്നും കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നദ്ദ ഉറപ്പുനൽകി.

എൻ.എച്ച്.എം പദ്ധതികളുടെ അവലോകനത്തിനായി ചേർന്ന ഓൺലൈൻ യോഗത്തിലാണ് കേന്ദ്രമന്ത്രിയുടെ ഉറപ്പ്. തിരുവനന്തപുരം ജനറൽ ആശുപത്രിയെ 100 എം.ബി.ബി.എസ് സീറ്റുകളുള്ള മെഡിക്കൽ കോളേജായി ഉയർത്താനുള്ള അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരും സജ്ജമാണെന്ന് കെ.മുരളീധരൻ പറഞ്ഞു. പുതിയ മെഡിക്കൽ കോളേജിനുള്ള 150 കോടി കേന്ദ്രസഹായം ഉടൻ അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.രാജ്യത്ത് 10,000 മെഡിക്കൽ സീറ്റുകൾ സജ്ജമാക്കാൻ 15,000 കോടിരൂപ കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുണ്ട്,? കേരളത്തിന്റെ ആവശ്യം ഇതിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുമെന്നും കേരളത്തിൽ സമയബന്ധിതമായി എയിംസ് അനുവദിക്കുമെന്നും ജെ.പി.നദ്ദ വ്യക്തമാക്കി. കേരളത്തിന്റെ ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഉൾപ്പെടെ മികച്ച രീതിയിൽ മുന്നോട്ടുപോകുന്നത് അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു.സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ പദ്ധതികൾക്കായി കേന്ദ്രസഹായവും മന്ത്രി കെ.മുരളീധരൻ അഭ്യർത്ഥിച്ചു. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമ്മിള മേരി ജോസഫ്,എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ.അനു.എസ്.നായർ,കെ.എം.എസ്.സി.എൽ എം.ഡി ഡോ.രേണുരാജ്,മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ.കെ.വി.വിശ്വനാഥൻ,ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ(ടി.ബി) ഡോ.സക്കീന,എൻ.എച്ച്.എം സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



## മംഗളൂരു–ഗോവ വന്ദേഭാരത് കോഴിക്കോട്ട്, കേന്ദ്രത്തിനു കത്തു നൽകി സുരേഷ് ഗോപി

**കോഴിക്കോട്:** മംഗളൂരു സെൻട്രൽ – ഗോവ വന്ദേഭാരത് കോഴിക്കോട്ടേക്കു നീട്ടണമെന്ന ആവശ്യം വീണ്ടും ചർച്ചയിലേക്ക്. കേന്ദ്രമന്ത്രി സുരേഷ് ഗോപി ഇക്കാര്യം ഉന്നയിച്ച് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിനു കത്തയച്ചതോടെയാണ് ആവശ്യം വീണ്ടും ചർച്ചയായത്. നിലവിൽ, ശേഷിയുടെ 30% യാത്രക്കാർ മാത്രമാണു മിക്ക ദിവസങ്ങളിലും ഈ ട്രെയിനിൽ യാത്ര ചെയ്യുന്നത്. വ്യാഴം ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 8.30നു മംഗളൂരു സെൻട്രലിൽനിന്നു പുറപ്പെടുന്ന വന്ദേഭാരത്, രാത്രി 10.45ന് ആണു തിരിച്ചെത്തുന്നത്. അതായത്, രാത്രി 10.45 മുതൽ രാവിലെ 8.30 വരെ ട്രെയിൻ മംഗളൂരുവിൽ വെറുതെ കിടക്കുകയാണ്. ഈ സമയം തന്നെ പാലിക്കണം എന്നുണ്ടെങ്കിൽ മലയാളികൾക്ക് ഏറെ പ്രയോജനപ്പെടുന്ന രീതിയിൽ, ട്രെയിൻ കോഴിക്കോട്ടേക്കു നീട്ടാവുന്നതാണ്.

ട്രെയിൻ കോഴിക്കോട്ടേക്കു നീട്ടാവുന്നതാണെന്നു റെയിൽവേ അധികൃതർ റിപ്പോർട്ട് നൽകിയിരുന്നു. കോഴിക്കോട്ടേക്കു നീട്ടിയാൽ യാത്രക്കാരുടെ എണ്ണം വർധിക്കുമെന്നു ചൂണ്ടിക്കാട്ടി യാത്രക്കാരുടെ സംഘടനകളും എംപിമാരും അടക്കമുള്ള ജനപ്രതിനിധികളും റെയിൽവേക്ക് നിവേദനം നൽകിയിരുന്നു. തുടർന്നാണു റെയിൽവേ ബോർഡ് റിപ്പോർട്ട് തേടിയത്. യാത്രക്കാർക്കും റെയിൽവേയ്ക്കും പ്രയോജനപ്പെടുമെന്നതിനാലും രാത്രി നിർത്തിയിടാൻ കോഴിക്കോട്ട് പ്ലാറ്റ്ഫോം ഒഴിവുണ്ടെന്നതിനാലും കൂടുതൽ ട്രെയിൻ ഓടിക്കുന്നതിനു ട്രാക്കുകൾക്കു ശേഷിയുണ്ടെന്നതിനാലും അനുകൂലമായാണു കോഴിക്കോട്ടെ റെയിൽവേ ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയത്. റെയിൽവേ ബോർഡ് അനുമതി നൽകുന്ന ഘട്ടത്തിലെത്തിയെങ്കിലും അവസാന നിമിഷം പിന്മാറുകയായിരുന്നു. കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ എത്തുന്ന ഒട്ടേറെ മലയാളികൾക്ക് ഗോവ വന്ദേഭാരത് അനുഗ്രഹമാകും. മംഗളൂരുവിലെ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും യാത്ര സുഗമമാകും.



## വന്യജീവി ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കണം: മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ

**റാന്നി:** വന്യജീവി സംഘർഷങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ വന്യജീവി ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ വനം മന്ത്രി ഷിബു ബേബി ജോണിനു നിവേദനം നൽകി.

വന്യജീവികൾക്ക് വനത്തിനുള്ളിൽ ആവശ്യമായ ഭക്ഷണവും ജലവും ലഭ്യമാകാത്തതും അവയുടെ ആവാസ കേന്ദ്രങ്ങളുടെ വിസ്തൃതി കുറഞ്ഞതുമാണ് അവ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നതിനും സംഘർഷങ്ങൾ വർധിക്കുന്നതിനും പ്രധാന കാരണമെന്ന് നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നു.

നിലവിൽ സ്വീകരിച്ചിരിക്കുന്ന സൗരോർജ വേലികൾ, കിടങ്ങുകൾ, സംരക്ഷണഭിത്തികൾ, മൃഗങ്ങളെ തുരത്തൽ, പിടികൂടി മാറ്റിപ്പാർപ്പിക്കൽ തുടങ്ങിയ നടപടികൾ താത്കാലിക പരിഹാരങ്ങൾ മാത്രമാണെന്നും ഫൗണ്ടേഷൻ അഭിപ്രായപ്പെട്ടു.

വനവത്കരണത്തിന്റെ ഭാഗമായി വ്യാപകമായി നട്ടുവളർത്തുന്ന തേക്ക്, മഹാഗണി, യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങി വന്യജീവികൾക്ക് പ്രയോജനകരമല്ലാത്ത വൃക്ഷങ്ങൾക്ക് പകരം നെല്ലി, മാവ്, പുളി, ഞാവൽ, കാട്ട് തെങ്ങ്, അത്തി, കാട്ടുപ്ലാവ്, പേര, കാട്ടുവാഴ, ആഞ്ഞിലി തുടങ്ങിയ ഫലവൃക്ഷങ്ങളും വന്യജീവികൾക്ക് ഭക്ഷ്യയോഗ്യമായ ഇലമരങ്ങളും കരിമ്പും മറ്റു കിഴങ്ങുവർഗങ്ങളും വ്യാപകമായി നട്ടുപിടിപ്പിക്കണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടു.

വനാന്തർഭാഗങ്ങളിൽ വന്യജീവികൾക്കായി ഭക്ഷ്യവിളകൾ കൃഷി ചെയ്യുക, ജലസ്രോതസുകൾ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക, ഡ്രോൺ, ഹെലികോപ്റ്റർ എന്നിവയുടെ സഹായത്തോടെ ഫലവൃക്ഷ വിത്തുകളും കിഴങ്ങുവർഗങ്ങളും വിതറുന്ന പ്രത്യേക പദ്ധതികൾ നടപ്പാക്കുക, വനവൽക്കരണം കൂടുതൽ ശാസ്ത്രീയമാക്കുന്നതിനുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നിർദേശങ്ങളും ഫൗണ്ടേഷൻ മുന്നോട്ടുവച്ചു.

# അടിപടലം കളി അഭ്യാസം ഷൂട്ടിംഗ് ആരംഭിച്ചു

നവാഗതനായ ദീപക് ബാബു സംവിധാനം ചെയ്യുന്ന അടിപടലം കളി അഭ്യാസം എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് ആരംഭിച്ചു. ശ്രീഗോകുലം മൂവീസ് ഇൻ അസോസിയേഷൻ വിത്ത് ഡ്രീംസ് ഓഫ് അജയ് വാസുദേവിന്റെ ബാനറിൽ ശ്രീഗോകുലം ഗോപാലൻ, കൃഷ്ണമൂർത്തി, അജയ് വാസുദേവ് എന്നിവരാണ് ചിത്രം നിർമിക്കുന്നത്.

കോ പ്രൊഡ്യൂസേർസ് ബൈജു ഗോപാലൻ. ഈ ചിത്രത്തിന്റെ ചിത്രീകരണം കൊച്ചി പൂക്കാട്ടുപടി ഗോകുലം സ്റ്റുഡിയോസിൽ ആരംഭിച്ചു.

സംവിധായകൻ ദീപക് ബാബുവിന്റെ മാതാപിതാക്കളായ ബാബു കുമാരി എന്നിവർ ആദ്യ ഭദ്രദീപം തെളിയിച്ചപ്പോൾ ജി. മാർത്താണ്ഡൻ, ഉദയ് കൃഷ്ണ, മാത്യു തോമസ്, വിഷ്ണു മോഹൻ, ജി.എസ്. വിജയൻ, സോഹൻ സീനുലാൽ, ഗണപതി, വിനീത് തട്ടിൽ, അമീൻ, നയൻതാരാ ചക്രവർത്തി, ധനശ്രീ സുധാകർ, സുരാജ്, നിധീഷ്, അശോകൻ എന്നിവരും ഇതിൽ പങ്കാളികളായി.




അജയ് വാസുദേവിൻറെ മാതാപിതാക്കളായ കെ.വാസുദേവൻ, ബി.രാധമ്മ, തിരക്കഥാകൃത്ത് അനിരുദ്ധിന്റെ മാതാവ് ശശികല എന്നിവർ സ്വിച്ചോൺ കർമ്മവും പ്രമോദ് വെളിയനാട്, പൂജപ്പുര രാധാകൃഷ്ണൻ, സുജിത് എന്നിവർ ചേർന്ന് ഫസ്റ്റ് ക്ലാപ്പും നൽകി. വയനാട്ടിലെ കൊളഗപ്പാറ ഗ്രാമത്തിലെ ഒരു പോലീസ് സ്റ്റേഷനിൽ ഒറ്റ ദിവസം നടക്കുന്ന ഒരു കഥയാണ് ഈ ചിത്രത്തിന്റേത്. ഇവിടുത്തെ ഒരു പോലീസ് സ്റ്റേഷനിൽ എത്തപ്പെട്ട മൂന്നു ചെറുപ്പക്കാർക്ക് നേരിടുന്ന പ്രശ്നങ്ങളാണ് തികഞ്ഞ നർമ്മമുഹൂർത്തങ്ങളിലൂടെ അവതരിപ്പിക്കുന്നത്.

ഗണപതി, അമീൻ, ജിഷ്ണു, മാസ്റ്റർ അർണവ്, നയൻതാരാ ചക്രവർത്തി, ധനശ്രീ സുധാകർ, വിനീത് തട്ടിൽ, പ്രമോദ് വെളിയനാട്, നോബി, സെന്തിൽ കൃഷ്ണ, പൂജപ്പുരാ രാധാകൃഷ്ണൻ, സാബു പ്രവ്ദീൻ, കുട്ടി അഖിൽ, അഖില, അശോകൻ, അനിരുദ്ധ് എന്നിവരാണ് ഈ ചിത്രത്തിലെ പ്രധാന താരങ്ങൾ.

രചന അനിരുദ്ധ്, സംഗീതം ബിബിൻ അശോക്. ഛായാഗ്രഹണം. ഷിജു എം. ഭാസ്ക്കർ. എഡിറ്റിംഗ് റിയാസ് കെ. ബദർ. കലാസംവിധാനംനിമേഷ് .എം. താനൂർ. മേക്കപ്പ് മനോജ് മനു. കോസ്റ്റ്യൂം ഡിസൈൻവെങ്കി. ആക്ഷൻ ബ സ്റ്റണ്ട് സെൽവ. സ്റ്റിൽസ് ഷെയ്ൻ സദൂക്ക. ഫിനാൻസ് കൺട്രോളേഴ്സ് ശ്രീജിത്ത് മണ്ണാർക്കാട്, റബിൻ സി. രവി, ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ സുജയ് എസ് .കുമാർ, അസോസിയേറ്റ് ഡയറക്ടർസ് റീസ് തോമസ്, ഷാഫിൻ സുൽഫിക്കർ. പ്രൊഡക്ഷൻ മാനേജേഴ്സ് രാഹുൽ കണ്ണൂർ, ആരോമൽ. പ്രൊഡക്ഷൻ കൺട്രോളർ സുരേഷ് മിത്രക്കരി. വയനാട്, തൃശൂർ, കൊച്ചി എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാകും. പിആർഒ വാഴൂർ ജോസ്.

# ഒരു തനി നാടൻ കോമഡിചിത്രം




ജി. മാർത്താണ്ഡൻ സംവിധാനം ചെയ്യുന്ന ഓട്ടം തുള്ളൽ ജൂലൈ 24ന് തിയറ്ററുകളിലെത്തും. നാട്ടിൻപുറത്തിന്റെ പശ്ചാത്തലത്തിലൂടെ ഒരു ഹ്യൂമർ ഹൊറർ കഥയാണ് ചിത്രം പറയുന്നത്.

ആദ്യാ സജിത് അവതരിപ്പിക്കുന്ന ഈ ചിത്രം ജികെഎസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ മോഹൻ നെല്ലിക്കാട്ടാണ് നിർമിക്കുന്നത്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസേർസ് ഹിരൺ മഹാജൻ, ജി. മാർത്താണ്ഡൻ.

വിജയരാഘവൻ, ഹരിശ്രി അശോകൻ, വിഷ്ണു ഉണ്ണികൃഷ്ണൻ, ടിനി ടോം, മനോജ്.കെ.യു, ബിനു ശിവറാം, ജിയോ ബേബി, സിദ്ധാർഥ് ശിവ, കുട്ടി അഖിൽ ജെറോം. ബിപിൻ ചന്ദ്രൻ, പ്രിയനന്ദൻ, വൈക്കം ഭാസി, ആദിനാട് ശശി, റോയ് തോമസ്, മാസ്റ്റർ ശ്രീ പത്യാൻ, അനിയപ്പൻ, ശ്രീരാജ് . പൗളി വത്സൻ, സേതു ലഷ്മി, ജസ്ന്യ.കെ. ജയദീഷ്,ചിത്രാ നായർ, ബിന്ദു അനീഷ് , ലതാദാസ്, അജീഷ, രാജി മേനോൻ,ബേബി റിഹരാജ് എന്നിവർ ഈ ചിത്രത്തിലെ പ്രധാന വേഷങ്ങളിലെത്തുന്നു. ബിബിൻ ജോർജ് സുപ്രധാനമായ ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നു.

ബിനു ശശി റാമിൻറേതാണു തിരക്കഥ. ബി.കെ. ഹരിനാരായണൻ, വിനായക് ശശികുമാർ, ധന്യാ സുരേഷ് മേനോൻ എന്നിവരുടെ ഗാനങ്ങൾക്ക് രാഹുൽ രാജ് ഈണം പകർന്നിരിക്കുന്നു.

പ്രദീപ് നായർ ഛായാഗ്രഹണവും ജോൺകുട്ടി എഡിറ്റിംഗും നിർവ്വഹിക്കുന്നു. കലാസംവിധാനം സുജിത് രാഘവ്, മേക്കപ്പ് അമൽ.സി.ചന്ദ്രൻ, കോസ്റ്റ്യൂം ഡിസൈൻ സിജി തോമസ് നോബൽ, ചീഫ് അസോസിയേറ്റ് ഡയറക്ടർ അജയ് ചന്ദ്രിക, പ്രശാന്ത് ഈഴവൻ, അസോസിയേറ്റ് ഡയറക്ടേർസ് സജ്യൂ പൊറ്റയിൽക്കട, ഡിഫിൻ ബാലൻ, പ്രൊഡക്ഷൻ സ്റ്റിൽസ് അജി മസ്ക്കറ്റ്. മാനേജേഴ്സ് റഫീഖ് ഖാൻ, മെൽബിൻ ഫെലിക്സ്, പ്രൊഡക്ഷൻ കൺട്രോളർ ബിജു കടവൂർ, പിആർഒ വാഴൂർ ജോസ്.






# വില്ലനായി ജയറാം

ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രിക്ക് മോട്ടറിന്റെ സ്രഷ്ടാവ് എന്നറിയപ്പെടുന്ന ഗോപാൽസ്വാമി ദൊരൈസ്വാമി നായിഡുവിന്റെ ബയോപിക് സിനിമ ജിഡിഎൻ ട്രെയിലർ എത്തി. ജി.ഡി. നായിഡുവായി ആർ. മാധവൻ വേഷമിടുന്നു.

നവാഗതനും പ്രമുഖ പരസ്യ സംവിധായകനുമായ കൃഷ്ണകുമാർ രാമകുമാർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ജി.ഡി. എൻ എന്ന ചിത്രത്തിൽ വേറിട്ട ലുക്കുകളിൽ മാധവൻ എത്തുന്നു.

റോക്കട്രി: ദ് നമ്പി ഇഫക്റ്റ് എന്ന ചിത്രത്തിന് 2022ലെ മികച്ച ഫീച്ചർ ഫിലിമിനുള്ള ദേശീയ അവാർഡ് ലഭിച്ചതിന് ശേഷം വർഗീസ് മൂലൻ പിക്ചേഴ്സും ട്രൈകളർ ഫിലിംസും മീഡിയ മാക്സ് എന്റർടൈൻമെൻറ്സും ചേർന്ന് നിർമിക്കുന്ന ചിത്രമാണിത്.

മാധവനെ കൂടാതെ പ്രിയാമണി, ജയറാം, സത്യരാജ്, വിനയ് റായ്, ദുഷാര വിജയൻ, കനിഹ, ഷീല, കരുണാകരൻ, ടീജയ് അരുണാചലം, തമ്പി രാമയ്യ, വിജയ് യേശുദാസ്, ആടുകളം നരേൻ, ജോണി വിജയ്, ജൻസൺ ദിവാകർ, ബ്രിജിഡ സാഗ തുടങ്ങിയവരും അഭിനയിക്കുന്നു.

വർഗീസ് മൂലൻ, വിജയ് മൂലൻ, ആർ. മാധവൻ, സരിത മാധവൻ എന്നിവർ ചേർന്നു നിർമിക്കുന്ന ചിത്രത്തിൽ സോണൽ പണ്ടേ, സഞ്ജയ് ബെക്കർ എന്നിവർ സഹനിർമാതാക്കളാവുന്നു. ചിത്രത്തിൻറെ സംഗീതം ഗോവിന്ദ് വസന്തയാണ്. ഇന്ത്യയുടെ എഡിസൺ, കോയമ്പത്തൂരിന്റെ സാമ്പത്തിക സ്രഷ്ടാവ് എന്നുള്ള പേരിൽ അറിയപ്പെട്ടിരുന്ന പ്രശസ്ത ശാസ്ത്രജ്ഞനും ദേശീയ നായകനുമായ ജി. ഡി നായിഡുവിന്റെ ജന്മസ്ഥലമായ കോയമ്പത്തൂരിലാണ് ചിത്രത്തിന്റെ പ്രധാന ഷെഡ്യൂൾ പൂർത്തിയാക്കിയത്.

In The Road




# പുതിയ എക്സ്എൽ 6 ഉടൻ വിപണിയിലെത്തും

ഇന്തൊനീഷ്യൻ പതിപ്പായ സുസുക്കി തഘ7 ഈ വർഷം അവസാനം മുഖം മിനുക്കി മാരുതി സുസുക്കി തഘ6 ആയി ഇന്ത്യയിലെത്തും. ജൂലൈ 29 ന് നടക്കുന്ന GIIAS 2026ൽ അരങ്ങേറ്റം കുറിക്കുന്നതിന് മുന്നോടിയായി വാഹന നിർമാതാക്കൾ പരിഷ്കരിച്ച എംപിവിയുടെ ഔദ്യോഗിക ചിത്രം പുറത്തിറക്കി. എംപിവിയുടെ മിഡ്ലൈഫ് അപ്ഡേറ്റാണിത്, എക്സ്റ്റീരിയർ ഡിസൈൻ അപ്ഡേറ്റിന് പുറമേ, ക്യാബിനുള്ളിൽ പുതിയ സവിശേഷതകളും പ്രതീക്ഷിക്കുന്നു.

പുറത്തെ വലിയ മാറ്റം പുതിയ ക്രോം ഗ്രില്ലും അതിനു താഴെ ചേർത്തിരിക്കുന്ന കറുത്ത ഇൻസേർട്ടുകളുമാണ്. അതോടൊപ്പം കൂടുതൽ ശ്രദ്ധേയമായത് പുതിയ ഹെഡ്ലൈറ്റുകളും ഫോഗ് ലാമ്പ് ഇൻസേർട്ടുകൾക്കുള്ള പുതിയ രൂപകൽപ്പനയുമാണ്. സൈഡ് പ്രൊഫൈലിൽ, പുതിയ വീൽ ഡിസാനുകളും കാണാം, പിന്നിൽ, ഈ പുതിയ XL7 ന് ബ്ലാക്ക്ഡ്ഔട്ട് ടെയിൽ ലാമ്പുകൾ ലഭിക്കുന്നു.

ഇന്റീരിയർ കാര്യമായ മാറ്റങ്ങൾക്ക് വിധേയമാവില്ല എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്, പക്ഷേ കൂടുതൽ ഫീച്ചർ അപ്ഡേറ്റുകൾ, ഫ്രണ്ട് സീറ്റ് വെന്റിലേഷൻ, മെച്ചപ്പെട്ട 360 ഡിഗ്രി ക്യാമറ പാക്കേജ്, മെച്ചപ്പെട്ട HUD, ഇന്ത്യൻ വിപണിയിൽ ഇൻഫോടെയിൻമെന്റ് സിസ്റ്റത്തിനായി ഒരു വലിയ സ്ക്രീൻ എന്നിവ ഉൾപ്പെടും എന്ന് പ്രതീക്ഷിക്കുന്നു.

വളരെ വിശ്വസ്തമായ 1.5 ലിറ്റർ പെട്രോൾ യൂണിറ്റ് തന്നെയാവും ഹുഡിന് കീഴിൽ തുടരുക. ഈ എൻജിൻ 103 ബിഎച്ച്പി കരുത്തും 136 എൻഎം ടോർക്കും ഉത്പാദിപ്പിക്കുന്നു. അഞ്ച് സ്പീഡ് മാനുവൽ അല്ലെങ്കിൽ ആറ് സ്പീഡ് ഓട്ടോമാറ്റിക് ഗിയർബോക്സ് ഓഫഷനുകൾ ഇത് ഉപയോഗിക്കാം. ഇന്ത്യയ്ക്ക് ഇത് ഒരു സിഎൻജി ഓപ്ഷനും ലഭിച്ചേക്കാം. കഴിഞ്ഞ വർഷം വിക്ടോറിസിനൊപ്പം അരങ്ങേറ്റം കുറിച്ച അണ്ടർബോഡി സിഎൻജി ടാങ്കാവും ഇതിൽ വരിക.

ഇന്ത്യൻ വിപണിയിൽ XL6 ന്റെ പ്രധാന എതിരാളി കിയ കാരെൻസ് ക്ലാവിസ് എംപിവിയാണ്. കിയ മോഡൽ സവിശേഷതകളാൽ സമ്പന്നവും അല്പം വലുതുമാണ്. അതിനാൽ തന്നെ XL6 ന് ഒരു അപ്ഡേറ്റ് അനിവാര്യമായിരുന്നു. വരുന്ന ഉത്സവ സീസണിൽ ലോഞ്ച് ചെയ്യാനിരിക്കുന്ന ഇന്ത്യ സ്പെക്ക് XL6 ന് 11.50 ലക്ഷം മുതൽ 14.50 ലക്ഷം രൂപ വരെ വില പ്രതീക്ഷിക്കാം.

# വാഹന വിൽപനയിൽ റെക്കോർഡ് നേട്ടവുമായി മുൻനിര കമ്പനികൾ

ആഭ്യന്തര വിപണിയിലും വിദേശത്തേക്കുള്ള കയറ്റുമതിയിലും മികച്ച പ്രകടനം തുടർന്ന് രാജ്യത്തെ മുൻ നിര വാഹന നിർമാതാക്കൾ. മാരുതി സുസുക്കി, മഹീന്ദ്ര, ഹ്യുണ്ടേയ് കമ്പനികൾ ജൂൺ മാസത്തിൽ മികച്ച വിൽപനയാണ് രേഖപ്പെടുത്തിയത്. എസ്‌യുവി മോഡലുകൾക്കുള്ള ഉയർന്ന ആവശ്യക്കാരാണ് കമ്പനികളുടെ നേട്ടത്തിനു പിന്നിൽ. വിൽപനയിലും കയറ്റുമതിയിലും ഒരുപോലെ മികച്ച പ്രകടനവുമായാണ് മാരുതി സുസുക്കി ഒന്നാമതെത്തിയിരിക്കുന്നത്. ടാറ്റ മോട്ടോഴ്സ് രണ്ടാം സ്ഥാനവും മഹീന്ദ്ര മൂന്നാം സ്ഥാനവുമാണ് നേടിയിരിക്കുന്നത്. ഹ്യുണ്ടേയ്, ടൊയോട്ട, കിയ, എംജി മോട്ടോർ, റെനോ, നിസാൻ എന്നിവയാണ് തുടർന്നുള്ള പത്തു സ്ഥാനങ്ങളിലെ കമ്പനികൾ.

ഇന്ത്യൻ വാഹന വിപണിയിലെ മാരുതി സുസുക്കിയുടെ ഒന്നാം സ്ഥാനത്തിന് നിലവിൽ കാര്യമായ വെല്ലുവിളികളില്ല. കഴിഞ്ഞ വർഷം ജൂൺ മാസത്തെ അപേക്ഷിച്ച് 23.78 ശതമാനത്തിന്റെ മികച്ച വാർഷിക വളർച്ചയോടെ 1,47,187 വാഹനങ്ങളാണ് ഇത്തവണ മാരുതി സുസുക്കി ഇന്ത്യയിൽ വിറ്റത്. രണ്ടാം സ്ഥാനത്തുള്ള ടാറ്റ മോട്ടോഴ്സിന്റെ ആകെ വിൽപനയുടെ ഇരട്ടിയിലേറെയാണിത്.

യൂട്ടിലിറ്റി വാഹനങ്ങളുടെ വിഭാഗത്തിൽ ബ്രെസ, ഫ്രോങ്ക്സ്, ഗ്രാൻഡ് വിറ്റാര, എർട്ടിഗ, എക്സ്എൽ6, ജിംനി, വിക്ടോറിസ്, ഇൻവിക്ടോ, ഇവിറ്റാര എന്നീ മോഡലുകൾ വലിയ ചലനമാണ് വിപണിയിൽ ഉണ്ടാക്കിയത്. ഈ എസ്‌യുവി എംപിവി നിരയിൽ നിന്നു മാത്രം 61,726 മാരുതി സുസുക്കി വാഹനങ്ങൾ നിരത്തിലെത്തി. മാരുതി സുസുക്കിയുടെ പ്രിയ സെഗ്മെന്റായ ചെറുകാർഹാച്ച്ബാക്ക് വിഭാഗവും മികച്ച പ്രകടനം നടത്തി. ആൾട്ടോ, എസ്പ്രസോ, ബലേനോ, സെലേറിയോ, ഡിസയർ, സ്വിഫ്റ്റ്, വാഗൺ ആർ എന്നിവയടങ്ങുന്ന ചെറുകാർ വിഭാഗത്തിൽ 75,231 യൂണിറ്റുകളുടെ വിൽപനയാണ് ജൂണിലുണ്ടായത്. രണ്ടാം സ്ഥാനത്തിനായി ടാറ്റാ മോട്ടോഴ്സും മഹീന്ദ്രയും തമ്മിൽ കനത്ത പോരാട്ടമാണ് നടന്നത്. 62,076 യൂണിറ്റുകളുടെ വിൽപനയോടെ ടാറ്റ മോട്ടോഴ്സ് രണ്ടാം സ്ഥാനം നിലനിർത്തുകയായിരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 67.4 ശതമാനത്തിന്റെ മികച്ച വാർഷിക വളർച്ചയാണ് ടാറ്റ നേടിയത്. വെറും 1,683 വാഹനങ്ങളുടെ വ്യത്യാസത്തിലാണ് മഹീന്ദ്ര മൂന്നാം സ്ഥാനത്തേക്കിറങ്ങിയത്. ജൂലൈ ഒന്നു മുതൽ ഇവി, പെട്രോൾ/ഡീസൽ മോഡലുകൾക്ക് 1.5 ശതമാനം വരെ വിലകൂടുമെന്ന ടാറ്റ മോട്ടോഴ്സിന്റെ പ്രഖ്യാപനവും വിൽപനയെ സ്വാധീനിച്ചു.

ജൂണിൽ 60,393 കാറുകളാണ് മഹീന്ദ്ര ആഭ്യന്തര വിപണിയിൽ എത്തിച്ചത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 27.66 ശതമാനത്തിന്റെ വാർഷിക വളർച്ചയാണ് കമ്പനി രേഖപ്പെടുത്തിയിരിക്കുന്നത്. സ്കോർപിയോ എൻ, ഥാർ, എക്സ്‌യുവി 3എക്സ്ഒ, എക്സ്‌യുവി 7എക്സ്ഒ എന്നിങ്ങനെയുള്ള എസ് യുവി മോഡലുകളാണ് കമ്പനിയുടെ വിൽപനക്ക് കരുത്തു പകരുന്നത്.



## ടാറ്റയുടെ പുതിയ ഇലക്ട്രിക്ക് എസ്‌യുവി സിയേറ ഇവി

കാത്തിരിപ്പിനൊടുവിൽ ഇന്ത്യൻ വിപണിയിലേക്കെത്തിയ ടാറ്റയുടെ പുതിയ ഇലക്ട്രിക്ക് എസ്‌യുവി സിയേറ ഇവിക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. മികച്ച ഫീച്ചറുകളും കരുത്തുറ്റ പവർട്രെയിനുമായെത്തിയ ഈ വാഹനം ഇലക്ട്രിക്കിലേക്ക് മാറാൻ ആഗ്രഹിക്കുന്നവരുടെ പ്രിയ മോഡലായിക്കഴിഞ്ഞു. പുതിയ സിയേറ.ഇവിയിൽ അപ്രതീക്ഷിതമായ ഒരു പരീക്ഷണം നടത്തിയാണ് ടാറ്റ മോട്ടോഴ്സ് ഞെട്ടിക്കുന്നത്. കാടുകളിലേക്കുള്ള യാത്രകളിൽ വിശ്വസിച്ച് കൂടെക്കൂട്ടാൻ പറ്റുന്ന രീതിയിൽ രൂപകൽപന ചെയ്ത സിയേറ. ഇവി സാഞ്ചരി എഡിഷനാണ് ടാറ്റ പുറത്തിറക്കിയിരിക്കുന്നത്.

ഓഫ് റോഡിനും അപ്പുറം കാടുകളിലൂടെയുള്ള സഫാരികൾക്കും കഠിനമായ പാതകളുടെ വെല്ലുവിളികൾക്കും അനുയോജ്യമായ രീതിയിലാണ് സിയേറ.ഇവിയുടെ സാങ്ചറി എഡിഷൻ ഒരുക്കിയിരിക്കുന്നത്. കാടിന്റെ പരുക്കൻ വഴികളിൽ രക്ഷാപ്രവർത്തനങ്ങൾക്കും ഓഫ് റോഡിങ്ങിനും ഏറ്റവും അത്യന്താപേക്ഷിതമായ വലിയ വിഞ്ചാണ് ഇതിന്റെ മുന്നിലെ ആകർഷണം.

സൂര്യനുദിക്കാത്ത കാട്ടുപാതകളിൽ ഡ്രൈവിങ് സുരക്ഷിതമാക്കാൻ മുന്നിലെ മെറ്റൽ ഗാർഡിൽ ഘടിപ്പിച്ചിരിക്കുന്ന രണ്ട് ഭീമൻ ഫോഗ് ലാമ്പുകളാണ് സിയേറ.ഇവി സാങ്ചറി എഡിഷന്റെ മറ്റൊരു സവിശേഷത. കാടിലെ വഴികളിൽ കൃത്യമായ കാഴ്ച്ച ഉറപ്പാക്കാൻ ഇത്തരം ഉയർന്ന പ്രകാശമുള്ള ലൈറ്റുകൾ സഹായിക്കും. സഫാരി വാഹനത്തിന് യോജിച്ച പരുക്കൻ ഫീച്ചറുകൾ കോർത്തിണക്കിയാണ് ടാറ്റ ഈ ഇലക്ട്രിക്ക് എസ്‌യുവിയെ നിർമിച്ചിരിക്കുന്നത്.

സിയേറ.ഇവിയുടെ ആഡംബര ഭംഗി ഒട്ടും കുറയാത്ത വിധത്തിലാണ് സാങ്ചറി എഡിഷൻ നിർമിച്ചിരിക്കുന്നത്. സ്റ്റാൻഡേഡ് മോഡലിലെ അതേ കണക്റ്റഡ് എൽഇഡി ഹെഡ്ലാംപുകൾ, ഡിആർഎൽ, ഫ്രണ്ട് ബംപർ ഡിസൈൻ, പാർക്കിങ് സെൻസറുകൾ എന്നിവയെല്ലാം ഇതിലും നിലനിർത്തിയിട്ടുണ്ട്. അതേസമയം മുന്നിലെ കട്ടിയേറിയ മെറ്റൽഗാർഡ് വാഹനത്തിലെ മുൻ ക്യാമറയുടെ കാഴ്ച്ചകളെ അൽപം മറക്കുന്നുണ്ടെന്ന കുറവുമുണ്ട്.

വശങ്ങളിലേക്കു വന്നാൽ ആകർഷകമായ ഗ്ലോസ് ബ്ലാക്ക് ക്ലാഡിങ്ങുകൾ കാണാനാവും. മുന്നിലെ മെറ്റൽ ഗാർഡ് വീൽ ആർച്ചുകൾക്ക് മുകളിലേക്കു വരെ നീളുന്ന രീതിയിലാണ് കൊടുത്തിരിക്കുന്നത്. കാട്ടിലേയും ഓഫ്റോഡിലേയും പരുക്കൻ യാത്രകളിൽ വാഹനത്തിന്റെ ബോഡിക്ക് അധിക സംരക്ഷണം നൽകാൻ ഇത് സഹായിക്കും. വാഹനത്തിനുള്ളിലേക്ക് എളുപ്പം കയറാൻ സഹായിക്കുന്ന വലിയ ഫൂട്സ്റ്റെപ്പുകളും വശങ്ങളിലുണ്ട്. 18 ഇഞ്ച് അലോയ് വീലുകളിൽ പ്രത്യേകം ഓൾ ടെറൈൻ ടയറുകളാണ് ടാറ്റ നൽകിയിരിക്കുന്നത്.

കാടിന്റെ വന്യത പരമാവധിയിൽ ആസ്വദിക്കാനാവും വിധമാണ് വാഹനത്തിന്റെ രൂപകൽപന. ഇതിന് സഹായിക്കുന്ന വിധത്തിലാണ് വാഹനത്തിലെ സീറ്റിങ് ക്രമീകരിച്ചിരിക്കുന്നത്. തിയേറ്ററിലെ സീറ്റുകൾ പോലെ ഒന്നിനു പിറകെ ഒന്നായി ഉയരത്തിൽ ക്രമീകരിച്ചിട്ടുള്ള മൂന്ന് വരികളിലായി 8 സീറ്റുകളാണ് ഈ വാഹനത്തിലുള്ളത്. ഇത് കാട്ടിലൂടെയുള്ള യാത്രകളിൽ സഞ്ചാരികൾക്ക് മുന്നിലേയും വശങ്ങളിലേയും കാഴ്ച്ചകൾ എളുപ്പം കാണാൻ സഹായിക്കും. വെയിലും മഴയും ഏൽക്കാതിരിക്കാൻ പ്രത്യേക ക്യാൻവാസ് റൂഫ് നൽകിയിട്ടുണ്ടെങ്കിലും പ്രകൃതി ഭംഗി പനോരമിക് വ്യൂവിൽ ആസ്വദിക്കാൻ സഹായിക്കും വിധമാണ് ഇതിന്റെ ഡിസൈൻ.

ഉള്ളിലേക്കു വന്നാൽ സാധാരണ മോഡലിലെ ആധുനികമായ ഡാഷ്ബോർഡ് ലേ ഔട്ട്തന്നെയാണ് ടാറ്റ സാങ്ചറി എഡിഷനിലും ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രീമിയം ലുക്ക് നൽകുന്ന ട്രിപ്പിൾ സ്ക്രീൻ ഡാഷ്ബോർഡ്, ഓട്ടമാറ്റിക് ക്ലൈമറ്റ് കൺട്രോൾ, ഫോർ സ്പോക്ക് സ്റ്റീറിങ് വീൽ എന്നിവയെല്ലാം ഈ മോഡലിലുണ്ട്. ഇന്റീരിയറിലെ പ്രത്യേക ബ്ലാക്ക് ആന്റ് ബ്ലൂ തീം വാഹനത്തിന്റെ മറ്റൊരു സവിശേഷതയാണ്.

സാധാരണ സിയേറ.ഇവിയുടെ ഏറ്റവും ഉയർന്ന വകഭേദത്തെ അടിസ്ഥാനമാക്കിയാണ് സാങ്ചറി എഡിഷൻ ഒരുക്കിയിരിക്കുന്നത്. ഓഫ്റോഡ് യാത്രകൾക്ക് കരുത്തേകുന്നത് 75സണവ ബാറ്ററി പാക്കാണ്. 665 കിലോമീറ്ററാണ് റേഞ്ച്. മുന്നിലും പിന്നിലുമായി രണ്ട് മോട്ടോറുകൾ നൽകിയിട്ടുള്ള ഡ്യുവൽ മോട്ടോർ സെറ്റപ്പാണ് ഇതിലുള്ളത്. 345ബിഎച്ച്പി കരുത്തും 504എൻഎം ടോർക്കും പുറത്തെടുക്കും. നോർമൽ, ഗ്ലാസ്/സ്നോ, മഡ് റട്സ്/ഗ്രാവൽ, സാൻഡ്, റോക്ക് ക്രോൾ, കസ്റ്റം എന്നിങ്ങനെ ആറ് ടറൈൻ മോഡുകൾ.




# ഒപ്പോ റെനോ 16 സീരീയസ് ഫോൺ ഓക്സിജൻ ലോഞ്ച് ചെയ്തു

**കോട്ടയം:** ഓക്സിജൻ ദ് ഡിജിറ്റൽ എക്സ്പേർട്ടിന്റെ നേതൃത്വത്തിൽ ഒപ്പോ റെനോ 16 സീരിയസ് ഫോണിൻറെയും അനുബന്ധ ഡിജിറ്റൽ ഗാഡ്ജെറ്റായ ഒപ്പോ ബബിളിൻറെയും ലോഞ്ച് പിന്നണി ഗായിക സിതാര കൃഷ്ണകുമാർ നിർവഹിച്ചു.

കുമരകം ബാക് വാട്ടർ റിപ്പിൾസ് ഹോട്ടലിൽ നടന്ന ചടങ്ങിൽ ഓക്സിജൻ സിഇഒ ഷിജോ കെ.തോമസ്, ഒപ്പോ കേരള സിഇഒ സൈമൺ ലിയാങ്, ഒപ്പോ കേരള ജനറൽ മാനേജർ മൈൽസ്, ഓക്സിജൻ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡൻറ് ജിബിൻ കെ.തോമസ്, ഓക്സിജൻ പർച്ചേസ് ആൻഡ് ഓപ്പറേഷൻ വൈസ് പ്രസിഡൻറ് പ്രവീൺ പ്രകാശ്, ഓക്സിജൻ റീജണൽ ബിസിനസ് ഹെഡ് ഷാജഹാൻ സിറാജുദീൻ, ഓക്സിജൻ ഗ്രൂപ്പ് മൊബൈൽ ഹെഡ് സി.ആർ. ഗീവർഗീസ്, മാർക്കറ്റിംഗ് ഹെഡ് കെ. അമൽദേവ്, ഒപ്പോ കേരള സെയിൽസ് ഹെഡ് ടി.എസ്. ആൻറണി, ഒപ്പോ കേരള മാർക്കറ്റിംഗ് ഹെഡ് ആതിര മോഹൻദാസ്, ഒപ്പോ കേരള ബ്രാൻഡിംഗ് ഹെഡ് വെങ്കിടേശൻ തുടങ്ങിയവർ പങ്കെടുത്തു.

സെൽഫിക്ക് വേണ്ടി ഫോണിനോട് ഒപ്പം ചേർത്ത് വയ്ക്കാവുന്ന ഒപ്പോ ബബിൾ എന്ന ഡിജിറ്റൽ ഗാഡ്ജെറ്റാണ് പ്രധാന ആകർഷണം. ബബിളിലെ ചെറിയ സ്ക്രീനിലൂടെ കൂടുതൽ വ്യക്തമായി സെൽഫി ഫോട്ടോകൾ എടുക്കാൻ സാധിക്കും.

50 എംപി പ്രൈമറി കാമറ, 50 എംപി അൾട്രാവൈഡ്, 50 എംപി ടെലിഫോട്ടോ ലെൻസ് എന്നിവയാണ് ഒപ്പോ റെനോ 16 സീരിസിൽ ഉപയോഗിച്ചിരിക്കുന്നത്. ഫോണുകളുടെ വില്പന ഓക്സിജൻറെ എല്ലാ ഷോറൂമുകളിലും ആരംഭിച്ചു.

# ഏഷ്യയിലെ ആദ്യ ഗ്ലോബൽ കോംപിറ്റൻസി സെൻ്ററുമായി ഡി സ്പേസ്

**കോട്ടയം:** തിരുവനന്തപുരം കിൻഫ്രാ പാർക്കിലെ ജർമ്മൻ കമ്പനിയായ ഡി സ്പേസ് ഗ്രൂപ്പിന്റെ ഇന്ത്യൻ വിഭാഗമായ ഡി സ്പേസ് ഇന്ത്യ സോഫ്റ്റ്വെയർ ആൻഡ് ടെക്നോളജീസ് പ്രവർത്തനം വിപുലീകരിക്കുന്നു. ഏഷ്യയിലെ ആദ്യ ഗ്ലോബൽ കോംപിറ്റൻസി സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ ഓട്ടോമോട്ടീവ് മേഖലയിലും വിവിധ എൻജിനിയറിംഗ് വിഭാഗങ്ങളിലുമായി നിരവധി പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ഫ്രാങ്ക്ലിൻ ജോർജ് പറഞ്ഞു. വിവിധ എൻജിനിയറിംഗ് മേഖലകളിലെ വിദഗ്ധർക്കും യുവ പ്രൊഫഷണലുകൾക്കും പുതിയ അവസരങ്ങൾ ലഭ്യമാകും.




ഡി സ്പേസ് ഗ്രൂപ്പിന്റെ ആഗോള ഗവേഷണവികസന പ്രവർത്തനങ്ങളുടേയും ഉത്പ്പന്ന വികസനത്തിന്റെയും പ്രധാന കേന്ദ്രമാണ് കിൻഫ്രാ പാർക്കിലെ ഡി സ്പേസ്. സിമുലേഷൻ, വാലിഡേഷൻ സൊല്യൂഷനുകളിൽ ആഗോള മുൻനിര കമ്പനിയാണ് ഡി സ്പേസ്. സോഫ്റ്റ്വെയർ ഡിഫൈൻഡ് വെഹിക്കിൾ (എസ്.ഡി.വി), സ്വയം നിയന്ത്രിത വാഹനങ്ങൾ (ഓട്ടോണമസ് വെഹിക്കിൾസ്), ഇലക്ട്രിക് വാഹനങ്ങൾ (ഇ.വി) എന്നീ പുതുതലമുറ മൊബിലിറ്റി സാങ്കേതിക വിദ്യകളുടെ വികസനത്തിനാണ് കമ്പനി മുൻഗണന നൽകുന്നത്.

# സ്കൂൾ ഒഫ് ഫ്യൂച്ചറിന് തുടക്കം

**കൊച്ചി:** കാക്കനാട് സ്മാർട്ട് സിറ്റിയിലെ ലുലു ഐ.ടി ടവറിൽ സ്കൂൾ ഒഫ് ഫ്യൂച്ചറിന്റെയും 2028 ബാച്ചിന്റെയും ഉദ്ഘാടനം മന്ത്രി ഷിബു ബേബിജോൺ നിർവഹിച്ചു. മാറുന്ന ലോകത്തിന് അനുസൃതമായി ഭാവി സംരംഭകരെയും യുവനേതാക്കളെയും വാർത്തെടുക്കാനാണ് സ്കൂൾ ഒഫ് ഫ്യൂച്ചർ ലക്ഷ്യമിടുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആഗോള വിപണിയിലെ മാറ്റങ്ങൾ,

പുതിയ വ്യവസായ സാധ്യതകൾ എന്നിവയിൽ വിദ്യാർഥികളെ വിദഗ്ദ്ധരാക്കുന്നതാണ് പഠനപദ്ധതികൾ. പ്രധാന കോഴ്സായ പി.ജി.പി പ്ലസ് എം.ബി.എ പ്രോഗ്രാം ഫൗണ്ടേഴ്സ് ട്രാക്ക്, മാനേജ്മെന്റ് ട്രാക്ക് എന്നിങ്ങനെ രണ്ട് രീതിയിൽ ലഭ്യമാണ്. സംരംഭക ആഗ്രഹമുള്ളവർക്ക് വേണ്ടിയുള്ള ഫൗണ്ടേഴ്സ് ട്രാക്കിൽ വിദ്യാർഥികൾക്ക് നിക്ഷേപ സമാഹരണത്തിനുള്ള സൗകര്യങ്ങൾ ലഭിക്കും.

കോർപ്പറേറ്റ് രംഗത്ത് മികച്ച കരിയർ ആഗ്രഹിക്കുന്നവർക്കാണ് മാനേജ്മെന്റ് ട്രാക്ക്.കഴിവുള്ള വിദ്യാർത്ഥികൾക്ക് മികച്ച സംരംഭകരാകാൻ വേണ്ട സഹായമാണ് സ്കൂൾ ഒഫ് ഫ്യൂച്ചറിലൂടെ ലഭിക്കുകയെന്ന് എക്സിക്യൂട്ടിവ് ചെയർമാനും സഹസ്ഥാപകനുമായ ഡോ. ടോം എം ജോസഫ് പറഞ്ഞു.

മുൻ അംബാസഡറും ഫ്യൂച്ചർ കേരള മിഷൻ ചെയർമാനുമായ പ്രൊഫ. വേണു രാജാമണി, ലുലു ഐ.ടി പാർക്ക് ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ ഗ്രൂപ്പ് ഡയറക്ടറും സി.ഒ.ഒയുമായ അബ്ദുൾ റഹ്മാൻ, സ്കൂൾ ഒഫ് ഫ്യൂച്ചർ സഹസ്ഥാപകരായ അക്ഷയ് മുരളീധരൻ, കുമർ പ്രാന്തിക് ബറുവ, ജെയിൻ യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസലർ പ്രൊഫ. ജെ. ലത എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# ഡിപി വേൾഡ് ഷിപ്പിംഗ് നെറ്റ്‌വർക്ക് വിപുലീകരിച്ചു

**കൊച്ചി:** ഡിപി വേൾഡിന്റെ മറൈൻ സർവീസസ് ബിസിനസ്, ഷിപ്പിംഗ് സൊല്യൂഷൻസ് 2,500 ടിഇയു കണ്ടെയ്നർ കപ്പലായ ഡിപി വേൾഡ് ഇൻഡസിനെ ഏറ്റെടുത്ത് ഫ്ലീറ്റ് ശേഷി വിപുലീകരിച്ചു. ഇതോടെ ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾക്കിടയിലെ ചരക്കുഗതാഗത ശേഷി വർധിക്കുമെന്ന് കമ്പനി അറിയിച്ചു.

ഡിപി വേൾഡ് ഷിപ്പിംഗ് സൊല്യൂഷൻസിന്റെ കോസ്റ്റൽ ശൃംഖല നിലവിൽ 14 തുറമുഖങ്ങളിലായുണ്ട്. 10 കപ്പലുകളുടെ ഫ്ളീറ്റുള്ള കമ്പനി 2025ൽ 4.73 ലക്ഷം ടിഇയുവിലധികം ചരക്ക് കൈകാര്യം ചെയ്തു.

ഇന്ത്യൻ പതാകയേന്തുന്ന ഡിപി വേൾഡ് ഇൻഡസിന്റെ ഏറ്റെടുക്കൽ ദീർഘദൂര കരഗതാഗതത്തിന് വിശ്വസനീയമായ ബദലാകുമെന്ന് ഡിപി വേൾഡ് മറൈൻ സർവീസസിന്റെ ഗ്ലോബൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഗണേഷ് രാജ് പറഞ്ഞു.




## ഡ്രീം ടെക്നോളജി എൽ50 സീരീസ് റോബോട്ടിക് വാക്വം ക്ലീനറുകൾ വിപണിയിൽ

**കൊച്ചി:** സ്മാർട്ട് ഹോം ഉപകരണ നിർമാതാക്കളായ ഡ്രീം ടെക്നോളജി ഇന്ത്യയിൽ പുതിയ എൽ50 പ്ലസ്, എൽ50 റോബോട്ടിക് വാകം ക്ലീനറുകൾ അവതരിപ്പിച്ചു. ശക്തമായ 25,000 പി.എ. സക്ഷൻ ശേഷി, അരികുകളും മൂലകളും ഫലപ്രദമായി വൃത്തിയാക്കുന്ന മോപ്പ് സംവിധാനം, ബുദ്ധിപരമായ നാവിഗേഷൻ, തടസ്സങ്ങൾ തിരിച്ചറിഞ്ഞ് ഒഴിവാക്കുന്ന സംവിധാനം, മൊബൈൽ ആപ്പ് നിയന്ത്രണം എന്നിവയാണ് പ്രധാന സവിശേഷതകൾ. ആമസോൺ ഇന്ത്യയിലും ഡ്രീം ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റിലും ഇവ ലഭ്യമാകും. രണ്ട് മോഡലുകൾക്കും ഒരു വർഷത്തെ വാറണ്ടിയും രാജ്യത്തെ 160ലധികം നഗരങ്ങളിലായി വിൽപനാനന്തര സേവനവും ലഭ്യമാണെന്ന് കമ്പനി അറിയിച്ചു.

## അമർനാഥ് തീർത്ഥാടന പാതയിൽ മൊബൈൽ നെറ്റ്‌വർക്ക് വിപുലമാക്കി എയർടെൽ

**കൊച്ചി:** പുണ്യയാത്രയായ അമർനാഥ് തീർത്ഥാടന പാതയിലുടനീളം തീർത്ഥാടകർക്കും സുരക്ഷാ ജീവനക്കാർക്കും പ്രാദേശിക അധികൃതർക്കും തടസ്സമില്ലാത്ത ആശയവിനിമയം ഉറപ്പാക്കാൻ മൊബൈൽ നെറ്റ്‌വർക്ക് സംവിധാനം വൻതോതിൽ വിപുലമാക്കി പ്രമുഖ ടെലികോം ദാതാക്കളായ ഭാരതി എയർടെൽ. നേരത്തെ കവറേജ് ലഭ്യമായിരുന്ന ബാൽതാൽ ബേസ് ക്യാമ്പിന് പുറമേ, ചന്ദൻവാരി, പിസു ടോപ്, ബേതാബ് താഴ്‌വര എന്നിവിടങ്ങളിലാണ് പുതിയ അത്യാധുനിക മൊബൈൽ നെറ്റ്‌വർക്ക് ടവറുകൾ സ്ഥാപിച്ചത്. ഇതോടെ അതികഠിനമായ മലനിരകളിലൂടെയുള്ള പാതയിലുടനീളം ഹൈസ്പീഡ് ഇന്റർനെറ്റും വോയ്സ് കോളുകളും തടസ്സമില്ലാതെ ലഭ്യമാകും.

തീർത്ഥാടകരുടെ യാത്ര സുരക്ഷിതമാക്കുന്നതിനും അടിയന്തിര കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുമായി ജമ്മു കശ്മീരിലെ ബന്ധപ്പെട്ട സർക്കാർ അധികൃതരുമായും കേന്ദ്ര സുരക്ഷാ ഏജൻസികളുമായും പ്രാദേശിക ഭരണകൂടവുമായും പൂർണ്ണമായി സഹകരിച്ചാണ് എയർടെൽ ഈ വിപുലീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. പുതുതായി ശക്തിപ്പെടുത്തിയ കവറേജ് വഴി മികച്ച വോയ്സ് കോളുകളും അതിവേഗ ഡാറ്റാ കണക്ടിവിറ്റിയും ലഭിക്കും. ഇത് അടിയന്തര ഘട്ടങ്ങളിലെ സുരക്ഷാ ആശയവിനിമയങ്ങളെ ശക്തമായി പിന്തുണയ്ക്കുകയും പ്രതിവർഷം എത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് ഡിജിറ്റൽ ആക്സസ് എളുപ്പമാക്കുകയും ചെയ്യുമെന്ന് എയർടെൽ വൃത്തങ്ങൾ അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com